P-15.07.2016.MI-FS-1
9.30-40

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു അടിയന്തരപ്രമേയ നോട്ടീസ് ഇവിടെ ലഭ്യമായിട്ടുണ്ട്. സർവ്വശ്രീ എം. വിൻസെന്റ്, ഡോ. എം. കെ. മുനീർ, സി. എഫ്. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളാണ് നോട്ടീസ് നല്കിയിട്ടുള്ളത്. അത് അടിയന്തര സബ്മിഷനായി പരിഗണിക്കുന്നുണ്ടെന്ന് സഭയെ അറിയിക്കുന്നു.

(ശ്രദ്ധക്ഷണിക്കൽ)

**ശ്രദ്ധക്ഷണിക്കൽ**

## ശാസ്താംകോട്ട ശുദ്ധജല തടാകം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഈ സഭയ്ക്ക് മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകങ്ങളിൽ ഒന്നാണ് ശാസ്താംകോട്ട ശുദ്ധജലതടാകം. ഈ തടാകം നിരന്തരമായ മണ്ണൊലിപ്പുമൂലം നികന്നുവരികയാണ്. ഈ തടാകം സംരക്ഷിക്കുന്നതിനുവേണ്ടി 1998 മുതൽ പല പദ്ധതികളും ഉണ്ടായി എന്നുമാത്രമേയുള്ളൂ. നാളിതുവരെയായും ഈ തടാകം സംരക്ഷിക്കാൻ കഴിയാതെ പോകുകയാണ്. ഈ തടാകത്തിൽ നിന്നും പ്രതിദിനം 480 ലക്ഷം ലിറ്റർ

വെള്ളമാണ് പമ്പ് ചെയ്യുന്നത്. കുന്നത്തൂർ നിയോജകമണ്ഡലത്തിലെ 7 ഗ്രാമപഞ്ചായത്തുകളും ചവറ നിയോജകമണ്ഡലത്തിലെ തേവലക്കര, തെക്കുംഭാഗം, പന്മന, ചവറ, ശക്തികുളങ്ങര അതുപോലെതന്നെ കൊല്ലം പട്ടണം അടക്കമുള്ള പ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്ന വളരെ പ്രധാനപ്പെട്ട സ്രോതസ്സാണ് ശാസ്താംകോട്ട ശുദ്ധജലതടാകം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശാസ്താംകോട്ടയിൽ ഒരു പരിപാടിയുമായി ബന്ധപ്പെട്ട് വന്നപ്പോൾ അദ്ദേഹവും ഇവിടെയിരിക്കുന്ന പല എം.എൽ.എ.മാരും ആ തടാകം നേരിട്ട് സന്ദർശിക്കുകയും ............

മി. സ്പീക്കർ: ... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം. ശ്രീ. കോവൂർ കുഞ്ഞുമോൻ ശാസ്താംകോട്ട കായലിനുവേണ്ടിയുള്ള പോരാട്ടം തുടരുകയാണ്....

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഈ തേങ്ങൽ കേൾക്കാൻ ആരെങ്കിലുമുണ്ടോ ..... 16 വർഷമായി ഞാൻ ഇവിടെനിന്ന് കരയുകയാണ്. ഈ 16 വർഷവും ഈ സീറ്റിൽ തന്നെ ഇരുന്നാണ് ഞാൻ സംസാരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ അനുമോദിക്കുന്നു. അങ്ങ് ഈ തടാകം നേരിട്ട് കാണുകയും തടാകത്തിന്റെ ദയനീയസ്ഥിതിയെ സംബന്ധിച്ച് അവിടത്തെ പൗരപ്രമുഖർ, പരിസ്ഥിതി പ്രവർത്തകർ എന്നിവരുമായി ഒരു ഡിബേറ്റ് തന്നെ സംഘടിപ്പിക്കുകയുണ്ടായി. അദ്ദേഹം അന്നുതന്നെ ഈ തടാകത്തെ പ്രൊട്ടക്ട്

ചെയ്യാൻ പരമാവധി സഹായം ചെയ്യുമെന്ന് പ്രഖ്യാപിച്ചു. ഞാൻ പറഞ്ഞുവരുന്നത്, 1998 മുതൽ 6 പദ്ധതികൾ ആലോചിച്ചു; എല്ലാം വഴിയിൽ നിൽക്കുകയാണ്. ഇതിന്റെ പ്രധാനകാരണം, 1998-ൽ സി.ഡബ്ള്യു.ആർ.ഡി.എം. 3 കോടി 13 ലക്ഷം രൂപയുടെ ഒരു പദ്ധതി പ്രഖ്യാപിച്ചു. വനം വകുപ്പ് 2008-ൽ 8 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി. 2004 ജൂലൈ 14-ാം തീയതി 17 1/2 കോടി രൂപയുടെ ഒരു പ്രഖ്യാപനം വന്നു. ഇതൊന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എനിക്ക് ഒരു ആപ്തവാക്യം സൂചിപ്പിക്കുവാനുള്ളത് '10 കിണറുകൾക്ക് സമമാണ് ഒരു കുളം, 10 കുളങ്ങൾക്ക് സമമാണ് ഒരു തടാകം, 10 തടാകങ്ങൾക്ക് സമമാണ് ഒരു പുത്രൻ, 10 പുത്രന്മാർക്ക് സമമാണ് ഒരു വൃക്ഷം.' ഈ തടാകത്തിന്റെ ക്യാച്ച്മെന്റ് ഏരിയായിലുള്ള മണ്ണൊലിപ്പുമൂലം തടാകം നന്നേ നികന്നുവരികയാണ്. ഈ പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ഇപ്പോൾ 33 കോടിരൂപയുടെ ഒരു പദ്ധതി കഴിഞ്ഞവർഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ തടാകത്തിൽ നിന്നും അമിതജലം ചവറ, കൊല്ലം പട്ടണം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നതുകൊണ്ടാണ് തടാകം നന്നെ താണുപോകുന്നത്. ഈ തടാകത്തിന് താങ്ങാനുള്ള ശക്തിയില്ല. അതുകൊണ്ട് കൊല്ലംപട്ടണം-ചവറ-പന്മന കുടിവെള്ള പദ്ധതി നടപ്പിലാക്കിയതുകൊണ്ട്

ശാസ്താംകോട്ട തടാകത്തിനാണ് ഏറെ ശോച്യമായിട്ടുള്ള അവസ്ഥ നേരിടേണ്ടിവന്നത്. ലോകത്തിലെ റാംസർ സൈറ്റിൽ 25 തടാകങ്ങളുള്ളതിൽ ശാസ്താംകോട്ട തടാകം അതിലൊരു കണ്ണിയായി മാറി. അതുകൊണ്ട് ഇത് വളരെ ശ്രദ്ധിക്കപ്പെട്ട തടാകമാണ്. ചവറ-പന്മന കുടിവെള്ള പദ്ധതിക്ക് പ്രത്യേക പാക്കേജുണ്ടാക്കി. അവിടെയും ഞങ്ങളെത്തന്നെയാണ് ദ്രോഹിക്കുന്നത്. 'വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിക്കാനില്ലത്ര' എന്ന് പഴമക്കാർ സൂചിപ്പിക്കുന്നതു പോലെതന്നെയാണ് ഇപ്പോൾ കുന്നത്തൂർ നിയോജകമണ്ഡലത്തിന് ശാസ്താംകോട്ട തടാകത്തിന്റെ ശുദ്ധജലം ലഭ്യമാക്കാൻ ഒരു പദ്ധതി ഇതേവരെ വന്നിട്ടില്ല. ഞാൻ സൂചിപ്പിച്ചുവരുന്നത് ഇത് നാടിന്റെ ഒരാവശ്യമാണ്; എന്റെ പ്രത്യേക ആവശ്യമല്ല, കേരളത്തിന്റെ പൊതുവായിട്ടുള്ള ഒരു ആവശ്യമായി തീർന്നിരിക്കുകയാണ്. കല്ലടയാറ്റിൽ നിന്നും കടപുഴ വഴി പൈപ്പിട്ട് ശാസ്താംകോട്ട തടാകത്തിന്റെ അടിത്തട്ടിലൂടെ ട്രീറ്റ്മെന്റ് പ്ലാന്റിലെത്തിച്ച് വെള്ളം പ്യൂരിഫൈ ചെയ്ത് സമീപപ്രദേശങ്ങളിലും കൊല്ലം പട്ടണം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്കും എത്തിക്കാൻ പുതിയൊരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതും ബ്രേക്കായിപ്പോയി, മുടങ്ങിക്കിടക്കുകയാണ്. വിവിധ വകുപ്പുകളുടെ ഏകോപനം അനിവാര്യമാണ്. ശാസ്ത്ര-സാങ്കേതിക വകുപ്പ്, പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, റവന്യൂ വകുപ്പ്, വാട്ടർ

അതോറിറ്റി, ഇറിഗേഷൻ ഈ വകുപ്പുകളുടെ ഒരു ഏകോപനം ഉണ്ടായെങ്കിൽ മാത്രമേ ഇതിനെല്ലാം പരിഹാരം കാണാൻ കഴിയൂ. കേന്ദ്രഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും ഫണ്ടുകൾ വരുന്നുണ്ട്. അത് നല്ല രീതിയിൽ യൂട്ടിലൈസ് ചെയ്യാൻ കഴിയുന്നില്ല.

മി. സ്പീക്കർ: .......പ്ലീസ് കൺക്ലൂഡ് ..............പ്ലീസ് കൺക്ലൂഡ്

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കാരണം ഓരോ ഡിപ്പാർട്ടുമെന്റുകൾ അവരുടേതായിട്ടുള്ള രീതിയിൽ പണം ചെലവഴിക്കുകയാണ്. സത്യത്തിൽ ഒന്നും കാണാനും കഴിയുന്നില്ല. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഇതിന് ഒരു ഏകോപനം ഉണ്ടാകണം. ഈ തടാകത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ഏകോപനം ഉണ്ടെങ്കിൽ മാത്രമേ ഇത് സംരക്ഷിക്കപ്പെടാൻ കഴിയുകയുള്ളൂ. നിരന്തരമായി ഞാൻ ആവശ്യപ്പെടുകയാണ്. ഈ തടാകം സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി കഴിഞ്ഞതിന്റെ അങ്ങേ വർഷം സെക്രട്ടേറിയേറ്റ് നടയിൽ 6 ദിവസം നിരാഹാര സമരം അനുഷ്ഠിച്ചു. ഞാൻ ഇവിടെ ഒരു പ്രഖ്യാപനം നടത്തിയിരുന്നു. അത് ഈ തടാകത്തെ പ്രൊട്ടക്ട് ചെയ്യാതെ ഞാൻ കല്യാണം കഴിക്കില്ലെന്നായിരുന്നു.

മി. സ്പീക്കർ : .... അതല്ലേ ചെയർ പറഞ്ഞത്... ശാസ്താംകോട്ട

കായലിനുവേണ്ടി അങ്ങ് പോരാട്ടം തുടരുകയാണ്....

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഈ തടാകം എന്റെ കാമുകിയാണ്. ഈ തടാകത്തെ സംരക്ഷിക്കണം. കാമുകിയെ ഞാൻ കല്യാണം കഴിക്കണമെന്നുണ്ടെങ്കിൽ ആ സുന്ദരി മഹനീയമായിരിക്കണം. നല്ല സുന്ദരമായ നിലയിൽ ആ പെൺകുട്ടിക്ക് ജീവിക്കണം. അങ്ങനെ ആ പെൺകുട്ടിക്ക് ഒരു ജീവിതം കൊടുക്കണമെന്നുണ്ടെങ്കിൽ ഞാനതിന് തയ്യാറാകണം. ഞാനതിന് തയ്യാറാകണമെങ്കിൽ ഈ തടാകം നല്ല നിലയിൽ പോകണം. വൃത്തിയാകണം.

മി. സ്പീക്കർ : .... യെസ്....ശ്രദ്ധ ക്ഷണിച്ചു...... ശ്രദ്ധ ക്ഷണിച്ചു........

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അതുകൊണ്ട് ഈ നല്ല സുന്ദരിയെ സംരക്ഷിക്കണമെന്നുള്ളത് ഈ സഭയുടെ വരെ ഒരാവശ്യമായി മാറിയിരിക്കുകയാണ്. ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിച്ചുകൊണ്ട് ഈ തടാകത്തെ പൂർണ്ണമായും സംരക്ഷിക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെയിരിക്കുന്ന ഒട്ടുമിക്ക എം.എൽ.എ. മാരും ആ തടാകം സന്ദർശിച്ചിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ, ശ്രീ. അടൂർ പ്രകാശ്, മുൻമുഖ്യമന്ത്രി, മുൻ കെ.പി.സി.സി. പ്രസിഡന്റ് അടക്കമുള്ളവർ ഈ തടാകം സന്ദർശിച്ചിട്ടുണ്ട്. ഇവിടെ ഇരിക്കുന്ന ഒട്ടുമിക്ക എം.എൽ.എ.മാരും ആ തടാകം സന്ദർശിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ:</u> .....പ്ലീസ്...സിറ്റ് ഡൗൺ.....പ്ലീസ് ...സിറ്റ് ഡൗൺ......

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, അതുകൊണ്ട് ഈ തടാകത്തെ പൂർണ്ണമായും സംരക്ഷിക്കുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഡിപ്പാർട്ടുമെന്റിന്റെയും ഭാഗത്തുനിന്നുണ്ടാകണമെന്ന് അറിയിക്കുകയാണ്.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: സർ, ബഹുമാന്യനായ എം.എൽ.എ. ശ്രീ. കോവൂർ കുഞ്ഞുമോൻ പ്രകടിപ്പിച്ച വികാരത്തോട് പൊതുവെ യോജിക്കുകയാണ്. അദ്ദേഹം പത്ത് കുളത്തിന് സമമാണ് ഒരു തടാകം എന്നുപറയുമ്പോൾ ഒന്നുകിൽ കുളത്തിന്റെ വലിപ്പം വളരെ വലുതാവണം അല്ലെങ്കിൽ തടാകം വളരെ ചുരുങ്ങണം. അതിനോട് യോജിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അത് ഏത് ചൊല്ലായാലും.

മറ്റൊരു കാര്യം, നമുക്കെല്ലാവർക്കുംകൂടി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അദ്ദേഹത്തോട് ഒരഭ്യർത്ഥന നടത്താമെന്നാണ് തോന്നുന്നത്. ഇത് സംരക്ഷിക്കാനുള്ള നടപടികളൊക്കെ നമുക്ക് സ്വീകരിക്കാം. അദ്ദേഹം കല്യാണം കഴിക്കട്ടെ, അതിനുവേണ്ടി ഇനി കാത്തുനിൽക്കേണ്ട കാര്യമില്ല. ഏതായാലും ആ ഒരു അഭ്യർത്ഥന നമുക്ക് അദ്ദേഹത്തിന്റെ മുന്നിൽ വയ്ക്കാം. ഇതുകഴിഞ്ഞുള്ള ചോദ്യത്തിന്റെ സമയത്ത് അദ്ദേഹം അക്കാര്യത്തിലുള്ള വ്യക്തത സഭയ്ക്ക്

നല്കമെന്നാണ് പ്രതീക്ഷ.

<u>മി. സ്പീക്കർ</u>: ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസം കൂടാതെ പ്രമേയം പാസ്സാക്കാം. അനൗദ്യോഗിക പ്രമേയം വന്നിരിക്കുകയാണ്. ശാസ്താംകോട്ട തടാക സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ ഒരു മാനേജ്മെന്റ് ആക്ഷൻപ്ലാൻ സമർപ്പിച്ചത് 2014 ഒക്ടോബർ മുതൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ് ഇരിക്കുന്നത്. ഈ ആക്ഷൻ പ്ലാനിൽ മണ്ണൊലിപ്പ് തടയുന്നതുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി 24.8 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിരിക്കുന്നത്. ഇതുകൂടാതെ ശാസ്താംകോട്ട കായലിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഹരിതവൽക്കരണത്തിനുമായി 10 ലക്ഷം രൂപ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിക്ക് നൽകിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് കായലിനോട് ചേർന്ന സ്ഥലത്ത് ജൈവവേലി നിർമ്മാണം, ഫലവൃക്ഷങ്ങളും മറ്റ് വൃക്ഷങ്ങളും നട്ടുപിടിപ്പിക്കൽ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ ഇവയെല്ലാം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടത്തിയിട്ടുണ്ട്. തടാക പരിസരത്ത് നടുന്ന വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിനുള്ള ട്രീ ഗാർഡുകൾ

സ്ഥാപിക്കുന്നതിനായി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. റാംസർ സൈറ്റായ ശാസ്താംകോട്ട തടാകം ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി 2015-ൽ രൂപീകരിച്ചിട്ടുണ്ട്. ഈ അതോറിറ്റിക്ക് കീഴിൽ ശാസ്താംകോട്ട തണ്ണീർത്തടം സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. നിശ്ചിത ഇടവേളകളിൽ ജലഗുണനിലവാര പരിശോധനയും അതനുസരിച്ചുള്ള ജലസ്രോതസ് പരിശീലനവും ഉറപ്പാക്കാനാവശ്യമായ സംവിധാനം ഇത്തരം കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഉണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എല്ലാ നീർത്തടങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. ചെറു നീർത്തടങ്ങളെ അടിസ്ഥാനമാക്കിയുള്ള ജലസംരക്ഷണ ജലവിനിയോഗ വികസന പരിപാടികളും സർക്കാർ ലക്ഷ്യം വയ്ക്കുകയാണ്. ഇവ സംയോജിപ്പിച്ചുകൊണ്ട് നദീതട ജലപരിപാലന പദ്ധതിയും സംസ്ഥാനതല ജലപരിപാലന പദ്ധതിയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ നീർത്തടങ്ങളെയും തടാകങ്ങളെയുമെല്ലാം സംരക്ഷിക്കുകയെന്നതരത്തിലുള്ള കർമ്മ പദ്ധതികൾ

സംസ്ഥാനത്താകെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ പ്രസ്താവിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തെ തടാകങ്ങളിൽ ഈ തടാകത്തിന് ഒരു പ്രത്യേകത നിലനിൽക്കുന്നുണ്ട്. ഇതൊരു ശുദ്ധജല തടാകമാണ്. ഈ തടാകത്തിന്റെ മരണം മെല്ലെമെല്ലെ വന്നുകൊണ്ടിരിക്കുന്നുവെന്നത് വസ്തുതയാണ്. അത് പരിഗണിച്ചുക്കൊണ്ട് പ്രത്യേകമായ രീതിയിൽ തന്നെ ഈ തടാകം സംരക്ഷിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അങ്ങയുടെ നല്ല വാക്കുകൾക്ക് ഞാൻ നന്ദി പറയുകയാണ്. എന്റെ ചോദ്യം, ഈ തടാകം സംരക്ഷിക്കാൻ ആവശ്യമായ തരത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കണമെന്നതാണ് പ്രധാനപ്പെട്ട ആവശ്യം. അതിന് ഗവൺമെന്റ് ഓർഡിനൻസ് ഇറക്കണം. ആ ഓർഡിനൻസ് എത്രയുംവേഗം ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: അങ്ങ് കല്ല്യാണം കഴിക്കുമെന്ന് ഉറപ്പ് കൊടുക്കുന്നുണ്ടോ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഉറപ്പു കൊടുത്തിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അദ്ദേഹം കല്ല്യാണം

കഴിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. അത് നമുക്ക് സന്തോഷത്തോടെ സ്വീകരിക്കാം. ഈ തടാകം സംരക്ഷിക്കുന്നതിന് അദ്ദേഹം പറഞ്ഞതടക്കമുള്ള നടപടികൾ സർക്കാർ ഗൗരവമായി ആലോചിക്കുന്നതാണ്.

## വന്യജീവി ആക്രമണം

ശ്രീ. സണ്ണി ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്തെ വന്യമൃഗ ശല്യം വളരെ ഗൗരവമുള്ള വിഷയമാണ്. ഇന്നലെ ബഹുമാനപ്പെട്ട എസ്. രാജേന്ദ്രൻ ഇതുസംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചിരുന്നു. മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദൻ തന്നെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ വന്യമൃഗ ശല്യത്തിന്റെ പ്രശ്നം ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചു. ഇന്ന് ചോദ്യോത്തരവേളയിൽ വനംവകുപ്പുമന്ത്രി സംസാരിക്കുമ്പോഴും വന്യമൃഗ ശല്യത്തിന്റെ രൂക്ഷത ഇവിടെ പരാമർശിക്കുകയുണ്ടായി. ഇന്നത്തെ മലയാള മനോരമ പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ ഇതുസംബന്ധിച്ച ഒരു പ്രത്യേക ലേഖനം തന്നെ വായിക്കാനും കഴിഞ്ഞിട്ടുണ്ട്. നമുക്കറിയാം, കേരളം വനസമ്പത്തിൽ വളരെയേറെ മുന്നോട്ടു നിൽക്കുന്ന സംസ്ഥാനമാണ്. നമ്മുടെ ഭൂവിസ്തൃതിയുടെ 28 ശതമാനത്തിലധികം വനമാണ്. വന സംരക്ഷണനിയമവും വന്യമൃഗ സംരക്ഷണനിയമവും വളരെ ഫലപ്രദമായി കേരളത്തിൽ

നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഫലമായി ഈയടുത്തകാലത്ത് വന്യജീവികളുടെ എണ്ണത്തിൽ വളരെയേറെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1993-ൽ നമ്മുടെ വനങ്ങളിൽ 4286 ആനകളാണ് ഉണ്ടായിരുന്നതെങ്കിൽ 2011-ൽ 7384 ആയി വർദ്ധിച്ചു. ഒരു എട്ടുവർഷക്കാലം കൊണ്ട് ആനകളുടെ എണ്ണം ഏതാണ്ട് ഇരട്ടികണ്ട് വർദ്ധിച്ചു. അതുപോലെ 1993-ൽ 40,000 കാട്ടു പന്നികളാണ് വനം വകുപ്പിന്റെ കണക്ക് പ്രകാരം ഉണ്ടായിരുന്നതെങ്കിൽ 2002-ൽ 60,000 ആയി വർദ്ധിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള വന്യജീവികളുടെ ജനസംഖ്യാ വർദ്ധനവിനെ സംബന്ധിച്ചും ശ്രീ. എസ് രാജേന്ദ്രൻ ഇന്നലെ ഇവിടെ പറഞ്ഞു. ഈ ജനസംഖ്യാ വർദ്ധനവ് തടയുന്നതിനെ സംബന്ധിച്ച് ചിന്തിക്കണമെന്നാണ് വനാതിർത്തിയിലുള്ള ജനങ്ങളും അവിടത്തെ ജനപ്രതിനിധികളും ആഗ്രഹിക്കാൻ ഇന്ന് നിർബന്ധിതരായിക്കൊണ്ടിരിക്കുന്നത്. കാരണം വന്യജീവികളുടെ ശല്യം അതിരൂക്ഷമായി എല്ലാ മേഖലകളിലും അനുഭവപ്പെടുകയാണ്. കഴിഞ്ഞ മാസത്തിനുള്ളിൽ തന്നെ വയനാട്ടിൽ രണ്ട് ആദിവാസികൾ ആന കുത്തി കൊല ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ എന്റെ നിയോജകമണ്ഡലത്തിൽ ആറളം ആദിവാസി മേഖലയിൽ മാത്രം രണ്ട് ആദിവാസികൾ- ഒരു സ്ത്രീയും ഒരു പുരുഷനും. ഒരു വീട്ടമ്മ- ആദിവാസികൾക്ക്

അനുവദിച്ച വീടില്ലാതെ ഒരു ഷെഡിൽ കിടന്നുറങ്ങുമ്പോഴാണ് രാത്രി ആന വലിച്ചുകൊണ്ടുപോയി ആ വീട്ടമ്മയെ കുത്തികൊലപ്പെടുത്തിയത്. അങ്ങനെയുള്ള നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വനാതിർത്തിയിലുള്ള തിരുവമ്പാടി എം.എൽ.എ. കഴിഞ്ഞ സഭയിലും ആവശ്യപ്പെട്ടു. ഇപ്രാവശ്യവും ആവർത്തിച്ചാവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അരുവിക്കര നിയോജകമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പിന് പോയ എല്ലാപേർക്കും അറിയാം അവിടത്തെയും രൂക്ഷമായിട്ടുള്ള പ്രശ്നമാണിത്. വനാതിർത്തി പങ്കിടുന്ന എല്ലാ സ്ഥലങ്ങളിലും, എന്റെ കോൺസ്റ്റിറ്റ്യുവൻസിയായ പേരാവൂരിൽ (കൊട്ടിയൂർ, ആറളം) രണ്ട് വന്യമൃഗ സങ്കേതങ്ങൾ ഉണ്ട്. അഞ്ച് പഞ്ചായത്തുകൾ വനാതിർത്തി പങ്കിടുകയാണ്. ഓരോ ദിവസവും പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച വാർത്തകൾ പ്രാദേശിക ചാനലുകളിലും പ്രാദേശിക പത്രങ്ങളിലും വളരെ ഗൗരവത്തോടെ വരുന്നുണ്ടെങ്കിലും തിരുവനന്തപുരത്തുള്ള ഉദ്യോഗസ്ഥർക്കും അല്ലെങ്കിൽ അധികാരികൾക്കും ഈ വാർത്ത അവരുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയുന്ന വിധത്തിൽ, സംസ്ഥാനാടിസ്ഥാനത്തിൽ വാർത്തകൾ വരുന്നില്ല. മരണം സംഭവിക്കുന്ന വാർത്തകൾ മാത്രം വളരെ ചെറുതായി വരുന്നു. വന്യമൃഗ ശല്യം വളരെ രൂക്ഷമാണ്. ഇക്കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ 150 ആളുകളാണ്

വന്യമൃഗങ്ങളുടെ അക്രമങ്ങൾ കൊണ്ട് കേരളത്തിൽ മരണമടഞ്ഞത്. മരണമടഞ്ഞവർക്കും നാശനഷ്ടം സംഭവിക്കുന്നവർക്കും പരിക്കേൽക്കുന്നവർക്കും വയനാട് ജില്ലയിൽ മാത്രം കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 13 കോടി രൂപയുടെ നഷ്ടം സംഭവിക്കുകയും 11 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇനിയും നഷ്ടപരിഹാര സംഖ്യ കൊടുത്തുതീർക്കാൻ ഒരുപാട് ബാദ്ധ്യതകൾ ബാക്കി നിൽക്കുന്നുണ്ട്. ഇതുസംബന്ധിച്ച് കഴിഞ്ഞ സഭയിലും വനം-പരിസ്ഥി വകുപ്പിന്റെ സബ്ജക്ട് കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ള അളുകൾ സബ്ജക്ട് കമ്മിറ്റിയിലും ആവർത്തിച്ച് ആവശ്യപ്പെട്ടെങ്കിലും പലപ്പോഴും ഫലപ്രദമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 25 കോടി രൂപ Man Animal conflict-ന്റെ പരിഹാരത്തിനുവേണ്ടി നിർദ്ദേശിച്ചുവെങ്കിൽപ്പോലും ബഡ്ജറ്റ് രേഖയിൽ 25 ലക്ഷം മാത്രമാണ് കാണുന്നത്. ഫലപ്രദമായിട്ടുള്ള പല നടപടികളും സ്വീകരിക്കുന്നില്ല. ഇലക്ട്രിക് ഫെൻസിംഗിനെയാണ് വനം വകുപ്പ് ഇതിനുവേണ്ടി ആശ്രയിക്കുന്നത്. മരങ്ങൾ തള്ളിവീഴ്ത്തി ഇലക്ട്രിക് ഫെൻസിംഗ് ഫലപ്രദമല്ലാതാക്കാൻ ആനകൾക്ക് ഇന്ന് സാധിക്കുന്നു. പലപ്പോഴും അതിന് ആവശ്യമായ മെയിന്റനൻസ് ഇല്ല. ചില പഞ്ചായത്തുകൾ പ്രോപ്പർ മെയിന്റനൻസ് നടത്തുന്നുണ്ട്. മഴക്കാലത്ത് മണ്ണിടിഞ്ഞും

വെള്ളം കുത്തിയൊഴുകിയും ടണ്ണും നശിച്ചുകൊണ്ടിരിക്കുകയാണ്. അതും ഫലപ്രദമല്ല. എന്റെ നിയോജകമണ്ഡലത്തിൽ 13 കോടി രൂപയുടെ ആന മതിലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് ആന മതിൽ ഉൾപ്പെടെയുള്ള ഫലപ്രദമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ...... മനുഷ്യ ജീവിതം ഈ ഭൂമുഖത്തുള്ളിടത്തോളം കാലം Man Animal conflict നിലനിൽക്കുന്ന ഒരു കാര്യമാണ്. ഇന്നത് ഒരു വൺസൈഡഡ് കോൺഫ്ലിക്റ്റാണ്. അതിന് പരിഹാരം ഉണ്ടാക്കാനാവശ്യമായ കേന്ദ്ര ഫണ്ട് സമാഹരിക്കാനുൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് ഈ മേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ യോഗം വിളിക്കാനും ഇതിനെസംബന്ധിച്ച് വളരെ ഗൗരവത്തിൽ ആലോചിച്ച് നടപടികൾ സ്വീകരിക്കാനും തയ്യാറാകണമെന്ന് ആവശ്യപ്പെടുന്നു.

## വന്യജീവി ആക്രമണം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ശ്രീ. സണ്ണി ജോസഫ് എം.എൽ.എ ഇവിടെ അവതരിപ്പിച്ച വിഷയം വളരെ

പ്രധാനപ്പെട്ട ഒരു വിഷയമാണ്. കഴിഞ്ഞദിവസം മുൻമുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദനും ശ്രീ. എസ്. രാജേന്ദ്രനും അവരവരുടെ നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ട് ഇതേ വിഷയംതന്നെ സബ്മിഷനിലൂടെ ഉന്നയിച്ചു. വനമേഖലയിലെ മുഴുവൻ ആളുകളെയും എം.എൽ.എമാരേയുമെല്ലാം ബാധിക്കുന്ന ഒരു വിഷയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആലപ്പുഴ ഒഴികെയുള്ള കേരളത്തിലെ എല്ലാ ജില്ലകളിലും വനാതിർത്തിയുണ്ട്. അതുകൊണ്ടുതന്നെ കേരളത്തെ മൊത്തമായി ബാധിക്കുന്ന ഒരു വിഷയംകൂടിയാണിത്. കേരളത്തിന്റെ വനാതിർത്തിയിൽ ജീവിക്കുന്നവർക്ക് വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന പ്രയാസങ്ങൾ പലയിടങ്ങളിലുമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലാണ് കൂടുതൽ രൂക്ഷമായ പ്രശ്നങ്ങളുണ്ടാകുന്നത്. 2015-16 സാമ്പത്തികവർഷത്തിലെ കണക്കുകൾ പ്രകാരം കേരളത്തിൽ മൊത്തം റിപ്പോർട്ട് ചെയ്യപ്പെട്ട വന്യജീവി ആക്രമണങ്ങളിൽ 50 ശതമാനവും മേൽപ്പറഞ്ഞ അഞ്ച് ജില്ലകളിൽനിന്നാണ്. കേരളത്തിൽ കർഷകർ ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നേരിടുന്നത് കാട്ടാനകളിൽ നിന്നാണ്. കൂടാതെ കാട്ടുപന്നി, കടുവ, മാൻ, കുരങ്ങ് എന്നിവയിൽ നിന്നുമുള്ള പ്രശ്നങ്ങളും നിരന്തരമുണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ,

കേരളത്തിലെ വനങ്ങളിലെ വന്യജീവികളുടെ കണക്കെടുപ്പുപ്രകാരം മുൻവർഷങ്ങളെ അപേക്ഷിച്ച്, വന്യജീവികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. വനം വകുപ്പ് ഏറ്റവുമൊടുവിൽ നടത്തിയ കണക്കെടുപ്പുപ്രകാരം 6177 കാട്ടാനകളും 48,034 കാട്ടുപന്നികളും, 136 കടുവകളും 43,000 മാനുകളും 50,000 ത്തോളം കുരങ്ങുകളും വനത്തിൽ അധിവസിക്കുന്നുണ്ടെന്നാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനംവകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധകിടങ്ങ്, ആനപ്രതിരോധ മതിൽ എന്നിവയുടെ നിർമ്മാണമാണ്. നാളിതുവരെ 1501 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങും 35 കിലോമീറ്റർ ആനപ്രതിരോധ മതിലും 259 കിലോമീറ്റർ കയ്യാലയും 43 കിലോമീറ്റർ ജൈവവേലിയും പ്രശ്നബാധിതപ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ഇതിനോടകം നിർമ്മിച്ചിട്ടുണ്ട്. കാട്ടാനകളിൽ നിന്നുള്ള ആക്രമണത്തിന് പരിഹാരമെന്നോണം നിരന്തരം കൃഷിയിടങ്ങളിലേയ്ക്കിറങ്ങി നാശംവിതയ്ക്കുന്ന കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം വനംവകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി

സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാരിതര സംഘടനകളുടെ സഹകരണത്തോടുകൂടി പുരോഗമിക്കുകയാണ്. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന, വനത്തിനകത്ത് താമസിക്കുന്ന വനാശ്രിതവിഭാഗങ്ങളെ നിശ്ചിത തുക നൽകി, അവരുടെ സമ്മതത്തോടെ വനത്തിന് പുറത്തേയ്ക്ക് മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ വയനാട്ടിൽ കേന്ദ്രസഹായത്തോടെ പുരോഗമിച്ചുവരുന്നു. ഇതുവരെ 185 കുടുംബങ്ങളെ വയനാട് വന്യജീവി സങ്കേതത്തിലെ കുറിച്ചിയാട്, ഗോളൂർ, അമ്മവയൽ, അരക്കുഞ്ചി, കൊറ്റൻകര തുടങ്ങിയ കോളനികളിൽ നിന്നും ഇത്തരത്തിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് വായ്പാ പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ്, ജില്ലകളിലെ വനാതിർത്തികളിൽ കാട്ടാനയെ പ്രതിരോധിക്കുന്നതിന് പര്യാപ്തമായ കരിങ്കൽ ഭിത്തികൾ നിർമ്മിക്കുന്നതിന് 2015-16 വർഷത്തിൽ 20,40,00,000 രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് കണ്ണൂർ ജില്ലയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്; കാസർഗോഡ് ജില്ലയിൽ ആയതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ഇതിനുപുറമെ പരീക്ഷണാടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ ആറളം പ്രദേശത്ത് 25 കിലോമീറ്റർ ദൂരത്തിൽ സ്റ്റീൽ ഫെൻസിംഗ് നിർമ്മിച്ചുവരുന്നു. വനത്തിനകത്തുതന്നെ

വന്യജീവികളെ നിലനിർത്തുന്നതിന് ജലവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിനായി ചെറുജലസംഭരണികളും ചെക്ക് ഡാമുകളും വയൽ സംരക്ഷണവും നടത്തിവരികയാണ്. കേരളത്തിലെ ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിൽ വനാതിർത്തിയിൽ വന്യജീവി ആക്രമണം തടയുന്നതിനും നാട്ടിലിറങ്ങുന്ന വന്യജീവികളെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കുന്നതുമുൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്യുന്ന 13 ദ്രുതപ്രതികരണ സംഘങ്ങളെ-ആർ.ആർ.റ്റി നിയോഗിച്ചിട്ടുണ്ട്. കൂടാതെ വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി വനാതിർത്തിയിലെ കർഷകർക്കിടയിൽ വനം വകുപ്പ് അവബോധം സൃഷ്ടിച്ചുവരികയുമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾക്കായി Measures to Reduce Man-Animal Conflict എന്ന ശീർഷകത്തിൽ 757 ലക്ഷം രൂപയും Relief to Victims എന്ന ശീർഷകത്തിൽ 350 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോരമേഖലകളിൽ അനുദിനം വർദ്ധിച്ചുവരുന്ന മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷത്തിന് പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റെയിൽ-വേലി, കിടങ്ങ്, ഇലക്ട്രിക് ഫെൻസിംഗ് എന്നിവയെക്കുറിച്ച് പരാമർശമുള്ളതും യുദ്ധകാലാടിസ്ഥാനത്തിൽ

ഉചിതമായ വേലി നിർമ്മിച്ച് കൃഷിക്കാർക്ക് സംരക്ഷണം നൽകുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽ 100 കോടി രൂപ അനുവദിക്കുകയും ഇതിൽ 25 ലക്ഷം രൂപയുടെ ചെലവ് ഈ വർഷം പ്രതീക്ഷിക്കുകയും ചെയ്യുകയാണ്. മനുഷ്യ-വന്യമൃഗ സംരക്ഷണം ലഘൂകരിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും പ്രശ്നത്തിന്റെ വ്യാപ്തിയും ഗൗരവവും കണക്കിലെടുത്ത് പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അടിയന്തര സഹായം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി ഇവിടെ വന്നപ്പോൾ മനുഷ്യ-വന്യമൃഗ ആക്രമണത്തെ സംബന്ധിച്ച വിഷയം അദ്ദേഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുകയും അതിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സാമ്പത്തിക സഹായമുണ്ടാകണമെന്ന് ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അദ്ദേഹത്തോട് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം കൊടുക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം നേരിടുന്നതിനുള്ള പ്രത്യേക പദ്ധതിക്കായി 100 കോടി രൂപയും വന്യജീവി പുനരധിവാസകേന്ദ്രം തുടങ്ങുന്നതിന് 100 കോടി രൂപയും സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്റെ ഗൗരവം പരിഗണിച്ചുകൊണ്ടുതന്നെ സംസ്ഥാനതല ഉദ്യോഗസ്ഥരുടെ യോഗം ഈ മാസം 20-ാം തീയതി

വിളിച്ചുചേർക്കുന്നുണ്ട്. കൂടാതെ ഏറ്റവും കൂടുതൽ വന്യമൃഗങ്ങളുടെ ആക്രമണമുള്ള ജില്ലകളിൽ ആദ്യം എന്നുള്ള രീതിയിൽ ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം ഞാനും കൂടെ പങ്കെടുത്തുകൊണ്ട് വിളിച്ചുകൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അങ്ങ് ഇപ്പോൾ ഇവിടെ പറഞ്ഞ നിർദ്ദേശം വളരെ സ്വീകാര്യമായിട്ടുള്ളതാണ്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തന്നെ ഒരു ഉന്നതതലയോഗം സംസ്ഥാനാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ 25 കോടി രൂപയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തിരുത്തിയെങ്കിലും രേഖയിൽ ഇപ്പോഴും 25 ലക്ഷം രൂപ മാത്രമാണ്. Man-Animal Conflict തടയുന്നതിനുള്ള നിർദ്ദേശം. അത് 25 കോടി രൂപ തന്നെ അപര്യാപ്തമാണ്. ആ തുക കൂടുതലാക്കാനും ഇല്ലെങ്കിൽ പറഞ്ഞ സംഖ്യയെങ്കിലും ലഭ്യമാക്കാനും ആവശ്യമെങ്കിൽ കൂടുതൽ തുക ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, ആവശ്യമായ തുക വകയിരുത്തുന്നതുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടികളുമായി മുന്നോട്ടുനീങ്ങുമ്പോൾ

ആവശ്യമായ ഫണ്ട് അനുവദിച്ചുതരാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഫണ്ട് അതിന് ബാധകമാകുകയില്ല.